ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

82 (662) എസ്. സുഗന്ധി പത്തനംതിട്ട കളക്ടർക്ക് നൽകിയ നിവേദനത്തിന്മേൽ നടപടി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താരാപ്പൂർ ആറ്റമിക് പവർ സ്റ്റേഷനിൽ ജോലി ചെയ്തു കൊണ്ടിരുന്ന തന്റെ അമ്മയ്ക്കു ലഭിക്കാനുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതു സംബന്ധിച്ച് പത്തനംതിട്ട ജില്ലയിൽ കുമ്പഴ, കിഴക്കുംപുറത്തു കൃഷ്ണവിലാസത്തു എസ്. സുഗന്ധി ഒരു സർട്ടിഫിക്കറ്റ് നൽകണമെന്ന് അഭ്യർത്ഥിച്ച് പത്തനംതിട്ട കളക്ടർക്ക് അപേക്ഷ നൽകിയതിൻപ്രകാരം സർട്ടിഫിക്കറ്റ് നൽകുകയുണ്ടായോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ബി) സുഗന്ധിയുടെ അമ്മയ്ക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കാൻ ആവശ്യമായ സർട്ടിഫിക്കറ്റ് നൽകുവാൻ ജില്ലാ അധികാരികൾക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) നൽകിയിട്ടില്ല. താരാപ്പൂർ ആറ്റോമിക് പവർ സ്റ്റേഷനിൽ ജോലിയിൽ ആയിരിക്കവെ 3.12.1979 ൽ മാനസിക രോഗം മൂലം അവിടത്തെ ജോലിയിൽനിന്നും പിരിച്ചുവിട്ട ശ്രീമതി കെ.കെ. സരോജിനിക്കു ലഭിക്കുവാനുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിലേക്കു ടിയാളുടെ മകൾ, പത്തനംതിട്ട, കുമ്പഴ കിഴക്കുംപുറം കൃഷ്ണവിലാസം വീട്ടിൽ എസ്. സുഗന്ധിയെ മാതാവിന്റെ മാനേജർ ആയി നിയമിച്ചുകൊണ്ട് സർട്ടിഫിക്കറ്റ് നൽകണമെന്നു കാണിച്ച് 13.7.1995ൽ അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും, പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം ജില്ലാ കളക്ടർക്ക് ഇല്ലാത്തതിനാൽ സർട്ടിഫിക്കറ്റ് നൽകാൻ നിർവ്വാഹമില്ലെന്നും, അധികാരമുള്ള കോടതിയിൽനിന്നും വാങ്ങേണ്ടതാണെന്നും അപേക്ഷകയെ അറിയിച്ചിരുന്നു.

(ബി) ജില്ലാ കളക്ടർക്കോ റവന്യൂ വകുപ്പിലെ ഇതര ഉദ്യോഗസ്ഥർക്കോ ഇപ്രകാരമുള്ള സർട്ടിഫിക്കറ്റ് നൽകാൻ അധികാരമില്ല.

83 (663) വരൾച്ച ദുരിതാശ്വാസത്തിനുവേണ്ടിയുള്ള കേന്ദ്രസഹായം

ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം വരൾച്ചാദുരിതാശ്വാസത്തിനുവേണ്ടി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി എത്ര കോടിരൂപ ഓരോ ജില്ലയ്ക്കും അനുവദിച്ചിട്ടുണ്ട്;

(സി) വരൾച്ചാദുരിതാശ്വാസത്തിനുവേണ്ടി കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം സഹായങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ള തെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് എന്താ ണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ വർഷം ഇതുവരെ സംസ്ഥാനത്തിന്റെ ഒരു ഭാഗത്തും വരൾച്ചയ്ക്കും, തന്മൂലമുള്ള കുടിവെള്ളക്ഷാമവും മറ്റു കെടുതികളും ഉണ്ടായ തായി റിപ്പോർട്ട് ലഭിച്ചിട്ടില്ല. എന്നാൽ വരൾച്ചയ്ക്കും കുടിവെള്ളക്ഷാമവും ഉണ്ടാവുകയാണെങ്കിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 18.2.2000-ലെ സർക്കുലർ പ്രകാരം എല്ലാ ജില്ലാകളക്ടർമാർക്കും നിർദ്ദേശ ങ്ങൾ നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരി ക്കുന്നു.*

(ബി) ഓരോ ജില്ലയിൽനിന്നും ആവശ്യപ്പെടുന്നതിനനുസരിച്ച് തുക അനുവദിക്കുന്നതാണ്.

(സി) ഇല്ല.

(ഡി)&(ഇ) മേൽ ഉത്തരം 'സി'യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദി ക്കുന്നില്ല.

84 (664) നിയോജകമണ്ഡലങ്ങൾക്ക് അനുവദിച്ച ഫ്ളഡ് റിലീഫ് ഫണ്ട് തുക

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 സാമ്പത്തിക വർഷത്തിലെ ഫ്ളഡ് റിലീഫ് ഫണ്ട് ഉപയോഗിച്ച് റോഡ് നന്നാക്കുന്നതിനും പാലങ്ങൾ നിർമ്മിക്കുന്നതിനുമായി ഓരോ നിയോജകമണ്ഡലത്തിനും എന്തു തുക വീതം അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഫ്ളഡ് റിലീഫ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്നും ഫണ്ട് അനുവ ദിക്കുന്നത് ജില്ലാടിസ്ഥാനത്തിലാണ്. 1999-2000 സാമ്പത്തിക വർഷത്തിൽ ഫ്ളഡ് റിലീഫ് ഫണ്ട് ഉപയോഗിച്ച് റോഡുകളും പാലങ്ങളും നന്നാക്കി ഉപ യോഗ യോഗ്യമാക്കുന്നതിന് ഓരോ ജില്ലയിലും ഇതുവരെ അനുവദിച്ച തുക യുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഫ്ളഡ് റിലീഫ് ഫണ്ട് ജനപ്രതിനിധികളുടെയും കളക്ടർമാരു ടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അനുവദിക്കുന്നത്. സർക്കാർ ഭര ണാനുമതി നൽകിയ പ്രവർത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ലഭ്യത അനു സരിച്ച് ഫണ്ട് അനുവദിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly